# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1642

04.10.2016-ൽ
മറുപടിയ്ക്ക്

## ഒറ്റപ്പാലം കിൻഫ്രാപാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഒറ്റപ്പാലം കിൻഫ്രാപാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവാക്കിയെന്ന് വിശദമാക്കാമോ; | എ) ഒറ്റപ്പാലം കിൻഫ്രാ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 41,42,34,924/- രൂപ ചെലവാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത പാർക്കിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ; | ബി) പ്രസ്തുത പാർക്കിൽ ഒരു പ്രതിരോധ പാർക്ക്, Additional Skill Acquisition Programme (ASAP) ന്റെ നൈപുണ്യ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭൂമി നല്കിയിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| സി) ഒറ്റപ്പാലം കിൻഫ്ര പാർക്ക് മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 3000 പേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കരുതുന്നത്. |
| ഡി) പ്രസ്തുത കിൻഫ്ര പാർക്കിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | ഡി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിർമ്മിച്ച ഒരു ലക്ഷം ച.അടി വിസ്തീർണ്ണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിൽ ഗാർമെന്റ് വ്യവസായം ആരംഭിക്കുന്നതിനായി M/s Blissful Garments Private Limited എന്ന സ്ഥാപനത്തിന് built up space നല്കിയിട്ടുണ്ട്. Mr.Sreenivasan എന്ന സംരംഭകന് റൂഫിംഗ് ഷീറ്റ് ഉല്പാദിപ്പിക്കുന്ന യൂണിറ്റിന് വേണ്ടി ഭൂമി നല്കിയിട്ടുണ്ട്. കൂടാതെ റോളിംഗ് ഷട്ടർ, സെറാമിക് ഉല്പന്നങ്ങൾ, സ്കാഫോൾഡിംഗ് എന്നീ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള 3 അപേക്ഷകളും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ